**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2046** **01-09-2022 - ൽ മറുപടിയ്ക്ക്**

**പോക്സോ കോടതികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോക്സോ കോടതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളും റേപ് കേസുകളും വേഗത്തിൽ വിചാരണ ചെയ്യുന്നതിനും തീർപ്പാക്കുന്നതിനുമുള്ള കേന്ദ്ര സർക്കാർ പദ്ധതി അനുസരിച്ച്, ആദ്യ ഘട്ടമായി സംസ്ഥാനത്ത് അനുവദിച്ച 28 താൽകാലിക അതിവേഗ പ്രത്യേക കോടതികൾ പ്രവർത്തനം ആരംഭിച്ചതിൽ 22.11.2021 ലെ S.R.O No.889/2021 വിജ്ഞാപനപ്രകാരം 14 എണ്ണം POCSO കോടതികളാക്കിയിട്ടുണ്ട്. |
| (ബി) | പുതിയ പോക്സോ കോടതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | കേന്ദ്ര സർക്കാർ പദ്ധതിയുടെ രണ്ടാം ഘട്ടമായി 28 താൽകാലിക അതിവേഗ പ്രത്യേക കോടതികൾക്ക് കൂടി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പോക്സോ കോടതി ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | സർക്കാർ രണ്ടാം ഘട്ടമായി അനുവദിച്ച 28 താൽകാലിക അതിവേഗ പ്രത്യേക കോടതികളിൽ ഒരെണ്ണം ചെങ്ങന്നൂരിലാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത കോടതികളിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം സർക്കാരിന്റെ പരിഗണനയിലാണ്. മേൽ വിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്കും, ഹൈക്കോടതി രജിസ്ട്രാറിൽ നിന്നും കോടതി ആരംഭിയ്ക്കുന്നത് സംബന്ധിച്ച് തീയതി ലഭിയ്ക്കുന്ന മുറയ്ക്കും സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ